**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1223** — **07-12-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ വർഷം തോറും രോഗം വന്ന താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നത് മൂലം താറാവ് കർഷകർ നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച് വരുന്ന നടപടി വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പക്ഷിപ്പനി ഒരു വൈറസ് രോഗമാണ്. ഇൻഫ്ലുവൻസ ടൈപ്പ്-എ എന്ന ഒരു വൈറസാണ് ഈ രോഗം പരത്തുന്നത്. ഈ വൈറസിന് പല വകഭേദങ്ങളുണ്ട്. വകഭേദങ്ങളുടെ വ്യത്യാസം അനുസരിച്ച് ഇവ മാരകമാവുകയോ മനുഷ്യരിലേക്ക് പകരുകയോ ചെയ്യാം. ഇപ്പോൾ സ്ഥിരീകരിച്ചത് H5N1 വൈറസാണ്. ഇവ മനുഷ്യരിലേക്ക് ഇതുവരെ പടർന്നിട്ടില്ല.<br><br>രോഗപ്രതിരോധത്തിന്റെ ഭാഗമായി രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിനു 1 കി.മീ. ചുറ്റളവിലുള്ള പക്ഷികൾ, മുട്ട എന്നിവ ദ്രുതകർമ്മസേനയുടെ സഹായത്താൽ നശിപ്പിക്കുകയുണ്ടായി. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട കള്ളിംഗ് പ്രവർത്തനങ്ങൾ എല്ലായിടത്തും ആരംഭിക്കുകയും അണുനശീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിവരം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 10 കി.മീ. വരെചുറ്റളവിൽ രോഗനിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കുട്ടനാട്ടിലെ താറാവ് കർഷകർക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കുട്ടനാട്ടിൽ പക്ഷിപ്പനി മൂലം താറാവുകളെ നഷ്ടപ്പെട്ട 39 കർഷകർക്ക് നഷ്ടപരിഹാരമായി ആകെ 63,14,350/- രൂപ നൽകിയിട്ടുണ്ട്. |
| (സി) | ഇനിയും നഷ്ടപരിഹാരം ലഭിക്കാനുള്ള കർഷകരുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | മുൻവർഷം വരെ അർഹതയുള്ള എല്ലാ കർഷകർക്കും മാനദണ്ഡങ്ങൾ അനുസരിച്ച് നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. 2022 ഒക്ടോബർ അവസാന വാരത്തോട് കൂടി ആലപ്പുഴ ജില്ലയിൽ സ്ഥിരീകരിക്കപ്പെട്ട പക്ഷിപ്പനിയോട് അനുബന്ധിച്ച് ദയാവധം, അണുനശീകരണം എന്നിവ ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | യഥാസമയം നടപ്പാക്കുകയും രോഗപ്രതിരോധം, നഷ്ടപരിഹാരം എന്നിവയ്ക്ക് ആവശ്യമായ തുക നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ